No. CEE/3600/KEAM-2021/TA2

കേരളസർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ്ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം–695 001.

# പത്രക്കുറിപ്പ്

**CAPE—ന്റെ കീഴിലുള്ള സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ സഹകരണവകുപ്പിലെ ജീവനക്കാരുടെയും സഹകരണ സ്ഥാപനങ്ങളിലെ അംഗങ്ങളുടെയും മക്കൾക്കുള്ള പ്രത്യേക സംവരണത്തിനായി സമർപ്പിച്ച സർട്ടിഫിക്കറ്റുകൾ പരിശോധിക്കുന്നതിനും അപാകതകൾ പരിഹരിക്കുന്നതിനുമുള്ളഅവസരം**

സംസ്ഥാനത്തെ കോ–ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ **(CAPE)** ന്റെ കീഴിലുള്ള സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ കോഴ്സുകളിൽ സഹകരണവകുപ്പിലെ ജീവനക്കാരുടെയും സഹകരണ സ്ഥാപനങ്ങളിലെ അംഗങ്ങളുടെയും മക്കൾക്കായി സംവരണം ചെയ്ത സീറ്റുകളിലേക്ക് പ്രവേശനം ലഭിക്കുന്നതിനായി സമർപ്പിച്ച സർട്ടിഫിക്കററുകൾ പരിശോധിക്കുന്നതിനും ന്യൂനതകൾ ഉള്ള പക്ഷം അവ പരിഹരിക്കുന്നതിനുമുള്ള അവസരം **20.10.2021** മുതൽ **25.10.2021**,വൈകുന്നേരം **3.00** മണി വരെ ലഭ്യമാകുന്നതാണ്. പ്രവേശന പരീക്ഷാകമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലെ **'KEAM-2021 Candidate Portal'** എന്ന ലിങ്കിൽ അപേക്ഷാനമ്പരും, പാസ്‌വേഡും നൽകി ലോഗിൻ ചെയ്ത് **'Memo Details'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്താൽ ന്യൂനതകൾ സംബന്ധിച്ച വിവരങ്ങൾ ദൃശ്യമാകുന്നതാണ്. ന്യൂനതകൾ പരിഹരിക്കുന്നതിന് ആവശ്യമായരേഖകൾ/സർട്ടിഫിക്കറ്റുകൾ അപേക്ഷകൻ ഓൺലൈനായി അപ്‌ലോഡ് ചെയ്യേണ്ടതാണ്. അപാകതകൾ പരിഹരിക്കുന്നതിന് പിന്നീട് അവസരം നൽകുന്നതല്ല.

**ഹെൽപ്പ് ലൈൻ നമ്പർ:0471 2525300**

തിരുവനന്തപുരം
20.10.2021

**പ്രവേശന പരീക്ഷാ കമ്മീഷണർ**